പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1213

06/02/2020-ൽ മറുപടിയ്ക്ക്

## പൊതുവിദ്യഭ്യാസ സംരക്ഷണയജ്ഞം

| ചോദ്യം<br>ശ്രീ.കെ .വി .വിജയദാസ് | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|

(എ) കോങ്ങാട് മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അനുവദിച്ചിട്ടുള്ള സ്കൂളുകളുടെ വിശദാംശങ്ങൾ നൽകുമോ;

(എ) കോങ്ങാട് മണ്ഡലത്തിൽ അഞ്ചുകോടി, മൂന്നു കോടി, ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയ സ്കൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ജി.എച്ച്.എസ്.എസ് പത്തിരിപ്പാല | 5 കോടി |
| 2 | ജി.എച്ച്.എസ്.മങ്കര | 3 കോടി |
| 3 | ജി.എച്ച്.എസ്.എസ്.കാരക്കുറിശ്ശി | 3 കോടി |
| 4 | ജി.എച്ച്.എസ്.കരിമ്പ | 3 കോടി |
| 5 | ജി.എച്ച്.എസ്.എസ്.പൊട്ടശ്ശേരി | 3 കോടി |
| 6 | ജി.യു.പി.എസ് കോങ്ങാട് | 3 കോടി |
| 7 | ജി.യു.പി.എസ് കരിമ്പ | 1 കോടി |
| 8 | ജി.യു.പി.എസ്.ഇടത്തറ | 1 കോടി |

(ബി) പ്രസ്തുത സ്കൂളുകളുടെ നിർമ്മാണം ഏതെല്ലാം ഏജൻസികൾക്കാണ് (എസ്.പി.വി.) നൽകിയിട്ടുള്ളത്; ഇവയുടെ പുരോഗതി വിവരം ലഭ്യമാക്കുമോ;

(ബി) ജി.എച്ച്.എസ്.എസ് പത്തിരിപ്പാല സ്കൂളിന്റെ നിർമ്മാണം കൈറ്റ് മുഖാന്തിരം നടന്നുകൊണ്ടിരിക്കുന്നു. 40% ലധികം വർക്ക് പൂർത്തിയായിട്ടുണ്ട്.

ജി.എച്ച്.എസ്.മങ്കര, ജി.യു.പി.എസ് കരിമ്പ, ജി.എച്ച്. എസ്.എസ്.പൊട്ടശ്ശേരി, ജി.യു.പി.എസ് കോങ്ങാട് എന്നീ സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനത്തിനുള്ള എസ്.പി.വി ആയി 'ഇൻകലിനെ' നിയമിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ജി.എച്ച്.എസ്.എസ്.കാരക്കുറിശ്ശിയുടെ നിർമ്മാണ ത്തിനുള്ള എസ്.പി.വി ആയി 'വാപ്കോസ്' എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ജി.യു.പി.എസ് കരിമ്പ, ജി.യു.പി.എസ്.ഇടത്തറ എന്നീ സ്കൂളുകളുടെ എസ്.പി.വി ആയി 'കിലയെ' ചുമതലപ്പെടുത്തിയിട്ടുണ്ട്

| | | | |
|---|---|---|---|
| (സി) | നാളിതുവരെ ഇതിൽ ഭൂരിപക്ഷം സ്കൂളുകളുടേയും നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകാമോ ; | (സി) | ഉണ്ട്. 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ കിഫ്ബി ധനസഹായത്തോടെ 3 കോടി രൂപയുടെ നിർമ്മാണപ്രവർത്തനങ്ങളുടെ എസ്.പി.വി ആയി കൈറ്റിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ 'കൈറ്റ്' നിലവിൽ ചെയ്തുകൊണ്ടിരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ വൈപുല്യവും തൽസ്ഥിതിയും നേരിടുന്ന തടസ്സങ്ങളും ഉൾപ്പെടെ ചൂണ്ടിക്കാട്ടി കുറച്ച് സ്കൂളുകളുടെ എസ്.പി.വിയെ മാറ്റണമെന്നാവശ്യപ്പെട്ട് കൈറ്റ് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ 117 സ്കൂളുകളുടെ എസ്.പി.യെ മാറ്റി നിയമിച്ചതിനാൽ നിർമ്മാണ പ്രവർത്തനങ്ങളിൽ മന്ദഗതി നേരിട്ടിട്ടുണ്ട്. ആയതിൽ കോങ്ങാട് മണ്ഡലത്തിലെ സ്കൂളും ഉൾപ്പെട്ടിട്ടുണ്ട്. |
| (ഡി) | 2020 ഡിസംബർ 31-ന് മുൻപെങ്കിലും പ്രസ്തുത സ്കൂളുകളുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ? | (ഡി) | സമയബന്ധിതമായി കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനായാണ് വിവിധ ഏജൻസികളെ എസ്.പി.വിയായി ചുമതലപ്പെടുത്തി സമാന്തരമായി നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളത് |

Namitha P

സെക്ഷൻ ഓഫീസർ